മഴ വന്നാൽ പേട്ട റെയിൽവേ സ്റ്റേഷൻ റോഡ് കുളം

തിരുവനന്തപുരം : ഒരു ചെറിയ മഴ പെയ്താൽ തന്നെ പേട്ട റെയിൽവേ സ്റ്റേഷനിൽ നിന്ന് പള്ളിമുക്കിലേക്ക് പോകുന്ന റോഡിൽ വെള്ളക്കെട്ടാവുന്നു.

മെഡിക്കൽ കോളേജിലേക്കും നഗരത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും പോകുന്നവർ ട്രെയിനിൽ വന്നിറങ്ങുന്ന ഒരു പ്രധാന റെയിൽവേ സ്റ്റേഷനാണ് പേട്ടയിലേത്.

ആ റോഡിലാണ് ഒരു മഴ പെയ്താലുടൻ വെള്ളക്കെട്ടായി യാത്രക്കാർ ദുരിതമനുഭവിക്കുന്നത്. ട്രെയിൻ സമയത്ത് കാൽ നടയാത്രക്കാർക്കു പുറമേ നിരവധി വാഹനങ്ങളും ഇതുവഴി കടന്നുപോകുന്നുണ്ട്.

വെള്ളക്കെട്ടുമൂലം ട്രെയിനിൽ വന്നിറങ്ങി വിവിധ സ്ഥലങ്ങളിലേക്കും ഓഫീസുകളിലേക്കും പോകുന്നവർക്ക് മലിനജലത്തിൽ കുളിക്കേണ്ടിവരുന്നു. ഈ റോഡ് മെയിൻ റോഡിലേക്ക് ചെന്നു ചേരുന്നിടത്ത് മെറ്റലിളകി കുണ്ടും കുഴിയുമായി കിടക്കാൻ തുടങ്ങിയിട്ട് നാളുകളേറെയായി.

ഇരുചക്ര വാഹന യാത്രക്കാരും കാൽനട യാത്രക്കാരുമാണ് ഏറെ ദുരിതം അനുഭവിക്കുന്നത്. മെറ്റലിളകിക്കിടക്കുന്ന ഭാഗം ടാർ ചെയ്യുകയും റോഡിലെ വെള്ളക്കെട്ടൊഴിവാക്കാൻ ഇവിടെ ഒരു ഓട പണിയുകയും വേണമെന്ന് നാട്ടുകാരും യാത്രക്കാരും ആവശ്യപ്പെടുന്നു.

പൊട്ടിപ്പൊളിഞ്ഞുകിടക്കുന്ന റോഡ്

brief

സദ്ദാമിനെ ചോദ്യം ചെയ്തതിന്റെ രേഖകൾ പുറത്തുവന്നു

ഇറാക്കിലെ മുൻ പ്രസിഡന്റ് സദ്ദാം ഹുസൈനെ ചോദ്യം ചെയ്തതിന്റെ രേഖകൾ യു. എസ്. ആർക്കൈവ് വെബ്സൈറ്റ് പുറത്തുവിട്ടു. അൽ-ക്വ-ഇദയുമായോ ലാദനുമായോ ബന്ധമില്ലെന്ന് സദ്ദാം അവർത്തിച്ചുപറഞ്ഞിരുന്നതായി രേഖകൾ വ്യക്തമാക്കുന്നു. എതിരാളികൾക്കു മുന്നിൽ ദുർബലനെന്ന തോന്നൽ ഒഴിവാക്കാനാണ് ആണവായുധങ്ങൾ ഉണ്ടെന്ന് വീമ്പു പറഞ്ഞതെന്നും സദ്ദാം വ്യക്തമാക്കി. മിക്ക ചോദ്യങ്ങളെയും പരിഹാസത്തോടെയാണ് അദ്ദേഹം നേരിട്ടത്.

പ്രതികളുടെ സ്വത്ത് മരവിപ്പിച്ചു

ഇന്ത്യയിൽ നടന്ന ഭീകരാക്രമണ പരമ്പരകളിൽ പങ്കുള്ളവരെന്നു കണ്ട പാകിസ്ഥാൻ പൗരന്മാരുടെ സ്വത്തുക്കൾ അമേരിക്ക മരവിപ്പിച്ചു. സംഘടനാ സ്ഫോടനത്തിൽ പങ്കാളികളായവരും ഇതിൽ ഉൾപ്പെടും. ഇവർക്ക് അൽക്വ ഇദ, ലഷ്കർ- ഇ- തയ്ബ എന്നീ സംഘടനകളുമായി ബന്ധമുണ്ട് എന്ന് കണ്ടതിനെത്തുടർന്നായിരുന്നു നടപടി.

എം.പി.യെ തടവിലാക്കി

അമേരിക്കൻ എം.പിയും നോബൽ സമ്മാന ജേതാവുമായ സിൻതിയ മക്കിനിയെ ഇസ്രയേൽ തടവിലാക്കി. ഇസ്രയേൽ ഗാസയ്ക്കെതിരെ ഏർപ്പെടുത്തിയ ഉപരോധം മറികടക്കാൻ ശ്രമിച്ചു എന്നാരോപിച്ചാണ് തടവിലാക്കിയത്. ഇവർക്കൊപ്പം 20 മനുഷ്യാവകാശ പ്രവർത്തകരും തടവിലായിട്ടുണ്ട്. ഇവർ സഞ്ചരിച്ചിരുന്ന കപ്പൽ ഇസ്രയേലി അതിർത്തിയിൽ എത്തിയപ്പോഴായിരുന്നു നാവികസേന ഇടപെട്ട് ഇവരെ തടവിലാക്കിയത്. വൈറ്റ്ഹൗസ് ഈ വിഷയത്തിൽ ഇതുവരെ പ്രതികരിച്ചിട്ടില്ല.

ചെരിപ്പെറിഞ്ഞയാളുടെ പണി പോയി

ആഭ്യന്തരമന്ത്രി പി. ചിദംബരത്തിനെ ചെരിപ്പെറിഞ്ഞ സിക്ക് പത്രപ്രവർത്തകന്റെ ജോലി പോയി. പ്രമുഖ ഹിന്ദി പത്രമായ ദൈനിക് ജാഗരണിന്റെ ലേഖകനായ ജർണയിൽ സിംഗിനെയാണ് പിരിച്ചുവിട്ടത്. നാലുമാസം മുമ്പ് ഇദ്ദേഹത്തിന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ഇതിനെ തുടർന്നാണ് നടപടി. പത്തു വർഷമായി ദൈനിക് ജാഗരണിന്റെ പ്രതിരോധ കാര്യലേഖകനായി പ്രവർത്തിച്ചുവരികയായിരുന്നു ജർണയിൽ സിംഗ്.

എം.പി മാപ്പു പറഞ്ഞു

ബാങ്ക് മാനേജരെ മർദ്ദിച്ച എം. പി ക്ഷമ ചോദിച്ചു. തനിക്ക് മാനേജരോട് ഒരു വിരോധവുമില്ലെന്നും സംഭവം നിർഭാഗ്യകരമായി പോയി എന്നും എം.പി ജഗന്നാഥ് പറഞ്ഞു. വിവാദം അവസാനിപ്പിക്കാൻ നിരുപാധികം മാപ്പു പറയുകയാണെന്നും അദ്ദേഹം പറഞ്ഞു. ഡൽഹിയിലെത്തിയ ജഗന്നാഥ് സംഭവത്തെക്കുറിച്ചുള്ള തന്റെ നിലപാട് സോണിയാ ഗാന്ധിയോടും വീരപ്പമൊയ്ലിയോടും വിശദീകരിച്ചു.

പഴഞ്ചൻ ഫാസ്റ്റുകൾ കെ.എസ്.ആർ.ടി.സി കോടതി കയറും

പാലാ: ഓർഡിനറിയായി ഓടിക്കാൻ പോലും കൊള്ളാത്ത അറു പഴഞ്ചൻ വണ്ടികൾ ഫാസ്റ്റ് പാസഞ്ചറായി ഓടിക്കുന്ന കെ. എസ്. ആർ. ടി. സി അധികൃതർ കോടതി കയറുമെന്ന് ഉറപ്പായി. പഴയ ബസുകൾ ഫാസ്റ്റ് പാസഞ്ചറായി ഓടിച്ച് കെ. എസ്. ആർ. ടി. സി നിയമം ലംഘിക്കുകയാണെന്ന് കാട്ടി പാലാ കേന്ദ്രമായുള്ള സെന്റർ ഫോർ കൺസ്യൂമർ എഡ്യൂക്കേഷൻ കോടതിയെ സമീപിച്ചുകഴിഞ്ഞു.

ഏറ്റുമാനൂർ- പൂഞ്ഞാർ ഹൈവേയിലെ ചേർപ്പുങ്കലിൽ കഴിഞ്ഞ 15ന് കെ. എസ്. ആർ. ടി. സി ഫാസ്റ്റ് പാസർ, ബൈക്കിൽ ഇടിച്ച് രണ്ടുപേർ മരണമടഞ്ഞിരുന്നു.

എട്ടുവർഷത്തിലേറെ പഴക്കമുള്ളതാണ് അപകടത്തിൽപ്പെട്ട ബസ്.

കേരള മോട്ടോർ വാഹന ആക്ട് പ്രകാരം അഞ്ചുവർഷത്തിലേറെ പഴക്കമുള്ള ബസുകൾ ഫാസ്റ്റ് പാസഞ്ചർ സർവീസിന് ഉപയോഗിക്കരുതെന്ന് വ്യവസ്ഥയുണ്ട്.

ഇതു പക്ഷേ കെ. എസ്. ആർ. ടി. സി പാലിക്കുന്നില്ല.

സ്പിരിറ്റ് കടത്താൻ പുതുവഴി

കുന്നത്തുകാൽ: സ്പിരിറ്റ് കടത്താൻ പുതുവഴി. മിനറൽ വാട്ടർ കാനുകളിലും മണലിലും ഒളിപ്പിച്ചാണ് അതിർത്തി വഴി കേരളത്തിലേക്ക് സ്പിരിറ്റ് കടത്തുന്നത്.

മീൻ, മുട്ട, വാഴക്കുല, സിമന്റ് കട്ട എന്നിവ ഉപയോഗിച്ചുള്ള സ്പിരിറ്റ് കടത്തൽ അധികൃതർ പിടികൂടിയതോടെയാണ് കടത്തുസംഘങ്ങൾ പുതിയ വഴി തേടിയത്.

ശബരിമല സീസണിൽ അയ്യപ്പഭക്തരെന്ന വ്യാജേന സ്പിരിറ്റുകടത്തിയതും ശവപ്പെട്ടി കയറ്റിയ കാറിൽ സ്പിരിറ്റു കയറ്റി ചെക്ക് പോസ്റ്റ് വെട്ടിച്ചുകടന്നതും അടക്കം നിരവധി അഭ്യാസങ്ങളും സ്പിരിറ്റ് ലോബി പയറ്റിയിരുന്നു.

ഇപ്പോൾ പളുകൽ പഞ്ചായത്തിലെ സ്വകാര്യ വ്യക്തികളുടെ വീടുകളിൽ എത്തിക്കുന്ന സ്പിരിറ്റ് മിനറൽ വാട്ടർ കാനുകളിലാക്കി പകൽ സമയത്തുപോലും നിർബാധം കടത്താറുണ്ടത്രെ.

കൂടാതെ മണൽലോറികളിൽ മണൽക്കൂമ്പാരങ്ങൾക്കടിയിലാക്കിയും കടത്തുന്നുണ്ട്.

പാസോടുകൂടിയ മണൽ ലോറികളിൽ സ്പിരിറ്റ് പുഴ്ത്തിവച്ചു കടത്തിയാൽ പൊലീസുകാരുടെ പരിശോധനയും നടക്കാറില്ല.

സംസ്കൃത സർവ്വകലാശാലയിൽ അനധികൃത നിയമനത്തിന് നീക്കം

എം. എസ്. സന്തോഷ്

അങ്കമാലി : സംസ്കൃത സർവ്വകലാശാലയിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് അനധികൃത നിയമനത്തിന് നീക്കം. 135 തസ്തികകളിലേക്ക് നിയമനം നടത്താനായി സർക്കാരിലേക്ക് കത്തയച്ചിരിക്കുകയാണ് സർവ്വകലാശാല. ഇപ്പോൾ തന്നെ ആവശ്യത്തിലധികം ജീവനക്കാരുണ്ട്. തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി പല ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ മറ്റു സ്ഥാപനങ്ങളിലേക്കയച്ചിരിക്കുകയാണ്. ഡിപ്പാർട്ടുമെന്റുകൾ തോറും ഓരോ സെക്ഷൻ സൃഷ്ടിച്ചും കൂടുതൽ നിയമനങ്ങൾ നടത്താൻ സർവ്വകലാശാലാതലപ്പത്ത് ആസൂത്രിത ശ്രമങ്ങൾ നടത്തുന്നുണ്ട്.

ബിവറേജസ് കോർപ്പറേഷനിലേക്കാണ് ഇവിടെ നിന്നുള്ള ജീവനക്കാർ അധികവും ഡെപ്യൂട്ടേഷനിൽ പോയിരിക്കുന്നത്. ഇതെല്ലാം ഒഴിവുകളാക്കി മാറ്റാനുള്ള നീക്കമാണ് നടക്കുന്നത്.

ആയിരം വിദ്യാർത്ഥികൾക്ക് ഒരു അസിസ്റ്റന്റ് എന്ന രീതിയാണ് മറ്റ് സർവ്വകലാശാലകൾ പിന്തുടരുന്നത്. രണ്ടായിരത്തിൽപരം വിദ്യാർത്ഥികൾ മാത്രം പഠിക്കുന്ന സംസ്കൃത സർവ്വകലാശാലയിൽ പരീക്ഷാ വിഭാഗത്തിൽ മാത്രം അഞ്ച് സെക്ഷനുണ്ട്.

ഒരു ഓഫീസറും മൂന്ന് അസിസ്റ്റന്റുകളും ഒരു ക്ളാസ്ഫോർ ജീവനക്കാരനും ഉൾപ്പെടുന്നതാണിത്. 23 ഡിപ്പാർട്ട്മെന്റുകളുണ്ട് സർവ്വകലാശാലക്ക്. മൊത്തം സെക്ഷൻ ഓഫീസർമാരുടെ എണ്ണം 20ൽ നിന്നും 25 ആയി ഉയർത്താൻ സിൻഡിക്കേറ്റും അനുമതി നൽകിയിട്ടുണ്ട്.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന കുത്തനെയുള്ള കുറവിനെക്കുറിച്ച് അന്വേഷിക്കാനോ പരിഹാരം കാണാനോ ക്രിയാത്മകമായ നീക്കങ്ങളൊന്നും ഉണ്ടാകുന്നില്ല.

പകരം കൂടുതൽ ആളുകളെ ജോലിയിൽ പ്രവേശിപ്പിക്കാനുള്ള തിടുക്കമാണ് അധികൃതർക്ക്.

സർവ്വകലാശാലയിലെ ജീവനക്കാരുടെ ജോലിഭാരത്തിന്റെ കണക്ക് കൗതുകകരമാണ്. ഇവിടെ ഒരു സെക്ഷൻ ഒരു മാസം കൈകാര്യം ചെയ്യുന്നത് കേവലം പത്ത് ഫയലുകൾ മാത്രമാണ്. അഞ്ചു പേർ ഉൾപ്പെടുന്ന ഒരു സെക്ഷനിൽ മൂന്നു ദിവസം കൂടുമ്പോൾ ഒരു ഫയൽ നോക്കിയാൽ മതിയെന്ന് ചുരുക്കം. ഒരു കേസുമായി ബന്ധപ്പെട്ട് സർവ്വകലാശാല കോടതിയിൽ നൽകിയ സത്യവാങ്ങ് മൂലത്തിലാണ് ഇക്കാര്യം വ്യക്തമായത്. 2009 ജനുവരിയിൽ രജിസ്ട്രാർ നോക്കിയ ഫയലുകൾ 441 ആണെന്ന് സത്യവാങ്ങ് മൂലത്തിൽ പറയുന്നു.

ആകെ 46 സെക്ഷൻ വരും സർവ്വകലാശാലയിൽ. എല്ലാ സെക്ഷനിൽ നിന്നുള്ള ഫയലുകളും രജിസ്ട്രാർ കണ്ടിരിക്കണമെന്നുണ്ട്.

മറ്റു സെന്ററുകളിൽ അധികമുള്ള ജീവനക്കാരെ കൂടുതൽ സ്റ്റാഫിനെ ആവശ്യമുള്ള കാലടി പോലുള്ള കേന്ദ്രത്തിലേക്ക് മാറ്റാൻ പക്ഷേ അധികൃതർക്ക് തീരെ താത്പര്യമില്ല.